**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 80** **12-01-2021 - ൽ മറുപടിയ്ക്ക്**

**കൊച്ചി മെട്രോ റെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചി മെട്രോ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്; | (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഒന്നാംഘട്ടം പ്രാരംഭപ്രവൃത്തികളുടെ ഭാഗമായി നാലുവരി ചമ്പക്കരപാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്കുവേണ്ടി തുറന്നു കൊടുത്തു. പേട്ട-തൃപ്പൂണിത്തുറ മെട്രോപാതയുടെ ഒന്നാം ഘട്ടത്തിന്റെ പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുകയും നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. പേട്ട-തൃപ്പൂണിത്തുറ മെട്രോപാതയുടെ ഒന്നാംഘട്ടം ദീർഘിപ്പിക്കലിന്റെ നിർമ്മാണോദ്ഘാടനം 03.09.2020ൽ നിർവ്വഹിക്കുകയും 1066.62 കോടി രൂപ മുതൽ മുടക്കി മൂന്ന് സ്റ്റേഷനുകളുമായി നിർമ്മാണ പ്രവർത്തനം വളരെ ദ്രുതഗതിയിൽ പുരോഗമിക്കുകയും ചെയ്യുന്നു. ഇതോടൊപ്പം തന്നെ പനംകുറ്റി നദിയ്ക്ക് കുറുകെ രണ്ടുവരി പാതയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. 2017-ലെ മെട്രോ പോളിസി അനുസരിച്ച് കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിന് 1957.05 കോടി രൂപ ചെലവ് കണക്കാക്കി സർക്കാർ 27.07.2018ൽ അനുമതി നൽകി. 26.02.2019-ന് കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകാരം നൽകി. 13.03.2020ൽ കേന്ദ്ര ധനകാര്യ മന്ത്രാലയം പദ്ധതി അംഗീകരിച്ചു. കേന്ദ്രഗവൺമെൻറിന്റെ അംഗീകാരം ഉടൻ ലഭിക്കുമെന്ന് കരുതുന്നു. രണ്ടാം ഘട്ടത്തിന്റെ പ്രാരംഭമായി കാക്കനാട് ജംഗ്ഷൻ മുതൽ ഇൻഫോപാർക്ക് വരെയുള്ള റോഡ് വികസനത്തിന്റെ ജോലികൾ ആരംഭിക്കുകയും, പുരോഗമിക്കുകയും ചെയ്യുന്നു. നഗര ഗതാഗതത്തിന്റെ വിവിധ സാദ്ധ്യതകൾ കൊച്ചി മെട്രോയ്ക്ക് അനുബന്ധമായി പ്രവൃത്തിപഥത്തിലെത്തിക്കുവാൻ കഴിഞ്ഞു. ആലുവ പുളിഞ്ചോട്, ഇടപ്പള്ളി ജംഗ്ഷൻ നവീകരണം, മെട്രോ സ്റ്റേഷന് അനുബന്ധമായ നടപ്പാത നിർമ്മാണം, മീഡിയൻ സൗന്ദര്യവത്കരണം, പനമ്പള്ളി നഗർ നടപ്പാത, സൈക്കിൾട്രാക്ക്, നഗരത്തിന് ആവശ്യമായ |

| | | | |
|---|---|---|---|
| | | | സൈനേജുകൾ, പ്രകാശവത്കരണം എന്നിങ്ങനെ നഗരത്തിന്റെ സുസ്ഥിര ഗതാഗതത്തിനാവശ്യമായ മുന്നൊരുക്കങ്ങളും കൊച്ചി മെട്രോ പദ്ധതിയുടെ ഭാഗമായി സൗരോർജ്ജ ഉപയോഗത്തിന് മാതൃകാപരമായ പ്രവർത്തനവും നടപ്പിലാക്കി വരുന്നു. നിലവിൽ 5.389 MWP ശേഷി ഉള്ള സൗരോർജ്ജ സംവിധാനം ഒരുക്കി കഴിഞ്ഞു. ഇതിലൂടെ കൊച്ചി മെട്രോയ്ക്ക് 45% ഊർജ്ജ സന്തുലിതാവസ്ഥ കൈവരിക്കാൻ കഴിഞ്ഞു. ഇനിയും 5.445 MWP ശേഷിയുള്ള സൗരോർജ്ജ സംവിധാനം ഒരുക്കി വരികയാണ്. നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട് പദ്ധതിയുടെ ഭാഗമായി സംയോജിത ഗതാഗതത്തിനും, ഹരിത ഗതാഗതത്തിനുമുള്ള അടിത്തറ പാകുന്നതിന് കൊച്ചി മെട്രോയ്ക്ക് കഴിഞ്ഞു. മെട്രോ സ്റ്റേഷനേയും വിമാനത്താവളത്തേയും വൈദ്യുത ബസ് ഉപയോഗിച്ച് ബന്ധിപ്പിക്കുകയും സ്റ്റേഷനുകളിൽ വൈദ്യുത ഓട്ടോറിക്ഷ അവസാന മൈൽ യാത്രയ്ക്ക് ഒരുക്കുകയും ചെയ്തു. |
| (ബി) | ഇവയിൽ തൃപ്പൂണിത്തുറ മണ്ഡലവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന/നടപ്പിലാക്കാൻ ആലോചിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) | പേട്ട-തൃപ്പൂണിത്തുറ മെട്രോപാത ദീർഘിപ്പിക്കുന്നതിന് ഉതകുന്ന തരത്തിൽ റോഡ് വൈഡെനിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. പദ്ധതിയുടെ നിർമ്മാണോദ്ഘാടനം 03.09.2020ൽ നിർവ്വഹിക്കുകയും 1066.62 കോടി രൂപ മുതൽ മുടക്കി മൂന്ന് സ്റ്റേഷനുകളുമായി പാതദീർഘിപ്പിക്കലിന്റെ നിർമ്മാണ പ്രവർത്തനം വളരെ ദ്രുതഗതിയിൽ പുരോഗമിക്കുകയും ചെയ്യുന്നു. ഇതോടൊപ്പം തന്നെ പനംകുറ്റി നദിക്ക് കുറുകെ രണ്ടുവരി പാതയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ